LIBRARY ARCHIVES Kerala Legislative Assembly

എൻ.ആർ.എച്ച്.എം. ഫണ്ടിൽനിന്നും ആലത്തൂർ താലൂക്ക് ആശുപത്രിയിൽ ചെലവാക്കിയ തുക

40 (1762) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൻ. ആർ. എച്ച് എം. ഫണ്ടിൽ നിന്നും ആലത്തൂർ താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം കാര്യങ്ങൾക്ക് എത്ര തുക വീതമാണ് അനുവദിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ആലത്തൂർ താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി അനുവദിച്ചതും ചെലവഴിച്ചതുമായ തുക ഇനം തിരിച്ച് ചുവടെ ചേർക്കുന്നു :

	അനുവദിച്ച തുക (രൂപയിൽ)	ചെലവഴിച്ച തുക (രൂപയിൽ)
അൺടൈഡ് ഫണ്ട് സി.എച്ച്.സി.	1,00,000	99,997
അൺടൈഡ് ഫണ്ട് എസ്.സി.	10,000	10,000
ആന്വൽ മെയിന്റനൻസ് ഗ്രാന്റ് -സി.എച്ച്.സി.	2,00,000	1,92,800
ആന്വൽ മെയിന്റനൻസ് ഗ്രാന്റ് -എസ്.സി.	10,000	...
എച്ച്.എം.എസ്.	6,50,000	1,48,122

എൻ.ആർ.എച്ച്.എം. മുഖേന ആലുവ നിയോജകമണ്ഡലത്തിൽ ചെലവഴിച്ച തുക

41 (1763) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ.ആർ.എച്ച്എം. മുഖേന ആലുവ നിയോജകമണ്ഡലത്തിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം കാര്യങ്ങൾക്കാണ് ഈ തുക വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ.ആർ.എച്ച്.എം. മുഖേന ആലുവ നിയോജകമണ്ഡലത്തിൽ 1,43,51,557 രൂപ വിവിധ പരിപാടികൾക്കായി ചെലവഴിച്ചു.

(ബി) ഉത്തരം അനുബന്ധമായി ചേർക്കുന്നു.*

എൻ.ആർ.എച്ച്.എം. ഫണ്ടുകൾ ദുർവിനിയോഗം ചെയ്യാതിരിക്കാൻ മോണിറ്ററിംഗ് സംവിധാനം

42 (1764) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ പടനിലം പി.എച്ച്.സി.യുടെ നവീകരണത്തിന് എൻ. ആർ. എ ച്ച് . എം. സ്കീമിൽ ഉൾപ്പെടുത്തി കഴിഞ്ഞ അഞ്ചുവർഷം എത്ര തുക അനുവദിച്ചു ; അവ എന്തൊക്കെ കാര്യങ്ങൾക്ക് വിനിയോഗിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) എൻ.ആർ.എച്ച്.എം. സ്കീമിൽ നൂറനാട്-പടനിലം പി.എച്ച്.സി.-ക്ക് അനുവദിച്ചിട്ടുള്ള തുക വിനിയോഗിച്ചത് സംബന്ധിച്ച് ശ്രീ. നാണുവിശ്വനാഥൻ വകുപ്പുമന്ത്രിക്ക് നൽകിയ പരാതിക്ക് മറുപടി നൽകിയിരിക്കുന്നതിൻപ്രകാരം ഈ തുക വിനിയോഗിച്ചതിലെ ക്രമക്കേട് അന്വേഷിക്കുന്നതിന് വിജിലൻസിനെ ഏൽപ്പിക്കുന്നകാര്യം പരിഗണിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) എൻ.ആർ.എച്ച്.എം. പോലെയുള്ള സ്കീമുകൾ നടപ്പാക്കുമ്പോൾ ഫണ്ടുകൾ ദുർവിനിയോഗം ചെയ്യാതിരിക്കാൻ പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) എൻ.ആർ.എച്ച്.എം. മുഖേന ലഭിക്കുന്ന ഫണ്ടുകൾ ശരിയായവിധം ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനായി താഴെ പറയുന്ന മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട് :

1. ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിക്ക് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പ്രവർത്തനങ്ങൾക്ക് അനുവാദം നൽകുന്നതിനും അവ വിലയിരുത്തുന്നതിനുമായി ഭരണസമിതിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും ഉണ്ട്. ഈ സമിതികൾ പ്രവർത്തനങ്ങൾ വിലയിരുത്തുക മാത്രമല്ല സംഘത്തിന്റെ ഭരണഘടനക്കനുസരിച്ചുള്ള കണക്കുകൾ സൂക്ഷിക്കുന്നുണ്ട് എന്നുറപ്പുവരുത്തുകയും അവ പരിശോധിക്കുകയും ചെയ്യുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly